സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 67 2025 മെയ് 27 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

അമൃത്സറിൽ സ്ഫോടനം; ഒരാൾ മരിച്ചു, നാല് പേർക്ക് പരിക്ക്

അമൃത്സർ: പഞ്ചാബിലെ അമൃത്സറിൽ ബോംബ് പൊട്ടിത്തെറിച്ച് ഒരാൾ കൊല്ലപ്പെട്ടു. ഖലിസ്ഥാൻ ഭീകരവാദിയെന്ന് പോലീസ് സംശയിക്കുന്ന ഒരാളാണ് മരിച്ചത്. നാല് പേർക്ക് പരിക്കേറ്റു ബബ്ബർ ഖൽസ എന്ന സംഘടനയുടെ ഭാഗമാണ് ഇയാളെന്നാണ് നിഗമനം.നൗഷേര ഗ്രാമത്തിന് സമീപമാണ് സംഭവം. നേരത്തേ കുഴിച്ചിട്ട് സൂക്ഷിച്ചിരുന്ന സ്ഫോടക വസ്തു തിരിച്ചെടുക്കാൻ വന്നപ്പോളാണ് അപകടമെന്ന് കരുതുന്നു. സംഭവമറിഞ്ഞെത്തിയ പോലീസ് ഗുരുതരമായി പരിക്കേറ്റ ഇയാളെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.സംഭവം ഗൂഢാലോചനയുടെ ഭാഗമാണോ എന്ന് പോലീസ് അന്വേഷിക്കുന്നു.

സി എം ആർ എൽ കേസ്: മുഖ്യമന്ത്രിക്കും മകൾക്കും എതിർസത്യവാങ്മൂലം നൽകാൻ സമയം,

രേഖകൾ ഇൻകം ടാക്സിന്റെ പക്കൽ

കൊച്ചി: സിഎംആർഎൽ കേസിൽ മുഖ്യമന്ത്രി പിണറായി വിജയനും മകൾ വീണ വിജയനും എതിർസത്യവാങ്മൂലം നൽകാൻ സമയം അനുവദിച്ച് കേരളാ ഹൈക്കോടതി. സിബിഐ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി പരിഗണിക്കവേയാണ് എതിർസത്യവാങ്മൂലം നൽകാൻ സമയം അനുവദിച്ചത്. എതിർകക്ഷികൾക്ക് പറയാനുള്ളത് കേൾക്കണമെന്നും കോടതി പറഞ്ഞു.

അവധിക്കാല ബെഞ്ചിലാണ് ആദ്യം ഹർജിയെത്തിയത്. ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ റിപ്പോർട്ടിൽ പരാമർശിക്കുന്ന പണമിടപാട് നടത്തിയിരിക്കുന്ന മുഴുവൻ രാഷ്ട്രീയ നേതാക്കളുടെയും വിവരങ്ങൾ മുദ്രവച്ച കവറിൽ ഹാജരാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

ഇന്ന് കേസ് ചീഫ് ജസ്റ്റിസിന് മുന്നിലെത്തിയപ്പോൾ സിഎംആർഎൽ കേസിൽ പണമിടപാടു രേഖകൾ ഇൻകം ടാക്സ് വകുപ്പിന്റെ കൈയിലാണെന്നായിരുന്നു കേന്ദ്ര സർക്കാരിന് വേണ്ടി ഹാജരായ അഡീഷമൽ സോളിസിറ്റർ ജനറൽ അറിയിച്ചത്. രേഖകൾ മുദ്രവച്ച കവറിൽ നൽകാൻ തങ്ങൾക്ക് നിർദേശം ലഭിച്ചിരുന്നില്ലെന്ന് ഇൻകം ടാക്സ് വകുപ്പും കോടതിയിൽ വ്യക്തമാക്കി. കേസ് ജൂൺ 17 ന് വീണ്ടും പരിഗണിക്കും.

ഒരപകടവുമില്ല, അൻവർ ഞങ്ങളോടൊപ്പം ഉണ്ടാകും; യുഡിഎഫ് ഒപ്പം നിർത്തും: കെ. സുധാകരൻ

തിരു: നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് വിഷയത്തിൽ ഇടഞ്ഞുനിൽക്കുന്ന തൃണമൂൽ കോൺഗ്രസ് പി.വി. അൻവറിനെ അനുനയിപ്പിക്കാനുള്ള നീക്കങ്ങളുമായി കേരളത്തിലെ കോൺഗ്രസ് നേതൃത്വം മുന്നോട്ടുനീങ്ങുന്നതിനിടെ അൻവറിന്റെ യുഡിഎഫ് പ്രവേശനത്തിൽ പാർട്ടിക്ക് അനുകൂല നിലപാടുള്ളതെന്ന് വ്യക്തമാക്കി മുതിർന്ന നേതാവ് കെ. സുധാകരൻ. ആര്യാടൻ മുഹമ്മദിനോടുള്ള പാർട്ടിയുടെ ബഹുമാനമാണ് ആര്യാടൻ ഷൗക്കത്തിന് സ്ഥാനാർഥിയാക്കാനുള്ള പാർട്ടി തീരുമാനമെന്ന് കെ. സുധാകരൻ പറഞ്ഞു. അൻവറുമായി പാർട്ടി നല്ല രീതിയിലുള്ള ബന്ധമുണ്ടാക്കാനാണ് ആഗ്രഹിക്കുന്നതെന്നും അൻവറിനെ പാർട്ടി ഒപ്പം നിർത്തുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു.

ഞാനിന്നലെ അൻവറിനെ കണ്ടിരുന്നു. വിശദമായി സംസാരിച്ചിരുന്നു. കോൺഗ്രസും അൻവറും തമ്മിലുള്ള ബന്ധം കേരള രാഷ്ട്രീയത്തിൽ മലപ്പുറം ജില്ലയിൽ ചരിത്രപരമായ ഒരു ഡീവിയേഷൻ ഉണ്ടാക്കുമെന്ന കാര്യത്തിൽ തർക്കം നിങ്ങൾക്കാർക്കും വേണ്ട. ഞങ്ങളെല്ലാവരും അതിന്റെ പുറകിലാണ്. കോൺഗ്രസ് അക്കാര്യത്തിൽ ഒറ്റക്കെട്ടാണ്. അൻവറും അതിൽനിന്ന് പുറകോട്ടല്ല. അൻവറിന് അഭിപ്രായവ്യത്യാസങ്ങളുണ്ടാകും. ഒരു മുന്നണിയ്ക്കകത്തുവരുമ്പോൾ, ഒരു പാർട്ടിക്കകത്തുവരുമ്പോൾ അഭിപ്രായവ്യത്യാസം സ്വാഭാവികമല്ലേ. ആ സ്വാഭാവികതയിൽ ഒന്നല്ലേ നടത്താൻ പറ്റൂ. അത് പാർട്ടി നടത്തിക്കഴിഞ്ഞു. എല്ലാ നേതാക്കൻമാരും ഐകകണ്ഠ്യേന എടുത്ത തീരുമാനമാണ് ഷൗക്കത്തിനെ സ്ഥാനാർഥിയാക്കുന്നത്. ആ തീരുമാനത്തിൽ തെറ്റുപറയാൻ ആർക്കും സാധിക്കില്ല.

ആര്യാടൻ മുഹമ്മദിന്റെ മകനാണ്. ആര്യാടൻ മുഹമ്മദിന്റെ ചരിത്രം തന്നെ ആ മണ്ണിനെ ഇളക്കിമറിക്കുന്ന വികാരമാണ്. ആ വികാരത്തിന്റെ പ്രതിപുരുഷനാണ് ഷൗക്കത്ത്. അതുകൊണ്ട് ഷൗക്കത്തിന് ഒരു സ്ഥാനമാനം കൊടുക്കുക, ബഹുമാനിക്കുക എന്നുപറഞ്ഞാൽ അത് ആര്യടൻ മുഹമ്മദിന് നൽകുന്നതുപോലെയാണ്. അതാണ് കോൺഗ്രസിലെ ഓരോ ആളുകളുടെയും ചിന്ത. അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തു. ഒരു അപകടവുമില്ല. അൻവർ ഞങ്ങളോടൊപ്പമുണ്ടാകും. അൻവറിനെ ഞങ്ങളുടെ കൂടെ നിർത്തിക്കൊണ്ടുപോകും. മുന്നണിയ്ക്കകത്ത് അൻവറുണ്ടാകുമെന്ന കാര്യത്തിൽ സംശയം വേണ്ട. അൻവർ യുഡിഎഫിന്റെ ഭാഗമാകും. അദ്ദേഹത്തിന്റെ താൽപര്യങ്ങൾ പരമാവധി സംരക്ഷിച്ചുകൊടുക്കാൻ ഞങ്ങൾക്കെല്ലാം താൽപര്യമുണ്ട്.

അൻവറും ഞാനും തമ്മിൽ വർഷങ്ങളുടെ പഴക്കമുള്ള വ്യക്തിപരമായ ബന്ധമുണ്ട്. ആ ബന്ധമൊക്കെ ഉപയോഗിച്ച് സ്നേഹമസൃണമായ ഒരു ബന്ധം മുന്നണിയിൽ അൻവറുമായി ഞങ്ങളുണ്ടാക്കും. അൻവർ മത്സരിക്കുന്ന കാര്യം രണ്ടുദിവസം കഴിഞ്ഞു പറയാം. ഘടകകക്ഷിയാക്കുന്ന കാര്യം എപ്പോൾ വേണമെങ്കിലും എടുക്കാം. അൻവറിനെപ്പോലെ ഒരാളെ പാർട്ടിയ്ക്ക് കിട്ടുന്നത് ഒരു അസറ്റല്ലേ.

ഇന്ത്യയുടെ അഞ്ചാം തലമുറ യുദ്ധവിമാനം ഉടൻ

ന്യൂഡൽഹി: ഇന്ത്യയുടെ അഞ്ചാം തലമുറ യുദ്ധവിമാനത്തിന്റെ പ്രോട്ടോ ടൈപ്പ് നിർമിക്കാൻ പ്രതിരോധ മന്ത്രാലയം അനുമതി നൽകി. അഡ്വാൻസ്ഡ് മീഡിയം കോംബാറ്റ് എയർക്രാഫ്റ്റ് (എഎംസിഎ) പ്രോജക്ടിൽ ഒരു അഞ്ചാം തലമുറ യുദ്ധവിമാനത്തിനാവശ്യമായ റഡാർ, സാറ്റ്ലൈറ്റ് സാങ്കേതിക വിദ്യ, സ്റ്റെൽത്ത് സാങ്കേതിക വിദ്യ, സ്റ്റെൽത്ത് ഡിസൈൻ എന്നിവ ഇന്ത്യ നേരത്തേ പൂർത്തിയാക്കിയിരുന്നു. ഇനി യുദ്ധവിമാനത്തിന്റെ എഞ്ചിൻ വികസനമാണ് നടക്കേണ്ടത്. ഇതിനായി വിദേശ കമ്പനികളുമായി സഹകരിച്ച് സംയുക്തമായി എഞ്ചിൻ വികസിപ്പിക്കാനാണ് ഇന്ത്യ പദ്ധതിയിടുന്നത്. ഇതിനുള്ള ചർച്ചകൾ നടക്കുകയാണ്.ഇന്ത്യയിലെ സ്വകാര്യ പ്രതിരോധ കമ്പനികളെയും സഹകരിപ്പിച്ചാകും എഎംസിഎ പ്രോജക്ട് മുന്നോട്ട് പോവുക. 10വർഷത്തിനുള്ളിൽ ആദ്യത്തെ യുദ്ധവിമാനം കൈമാറാൻ കഴിയുമെന്ന് ഡിആർഡിഒ ചെയർമാൻ സമിർ കാമത്ത് നേരത്തേ പറഞ്ഞിരുന്നു.

നിലവിലെ സാഹചര്യങ്ങൾ ലീഗിനെ ബോദ്ധ്യപ്പെടുത്തി; കുഞ്ഞാലിക്കുട്ടിയെ കണ്ട് പിവി അൻവർ

മലപ്പുറം: മുസ്ലീം ലീഗ് നേതാവ് കുഞ്ഞാലിക്കുട്ടിയുമായി പി വി അൻവർ ചർച്ച നടത്തി. അദ്ദേഹത്തെ കണ്ടതിൽ ഉത്തരവാദിത്തം തനിക്കുണ്ടായിരുന്നു. നിലവിലെ സാഹചര്യങ്ങൾ ലീഗിനെ ബോദ്ധ്യപ്പെടുത്തിയെന്നും അൻവർ പറഞ്ഞു. 'കുഞ്ഞാലിക്കുട്ടി സാഹിബ് എന്നും പോസിറ്റീവാണല്ലോ. ഇപ്പോഴും പോസിറ്റീവ് തന്നെയാണ്. അദ്ദേഹത്തിന് രാഷ്ട്രീയം അറിയാമല്ലോ. രാഷ്ട്രീയത്തെക്കുറിച്ച് കൃത്യമായി ഗണിക്കുകയും മനസിലാക്കുകയും ചെയ്യുന്നയാളാണ്. മത്സരിക്കുന്ന കാര്യമൊക്കെ പിന്നെ പറയാം നിങ്ങൾ ഉദ്ദേശിക്കുന്നൊരു മറുപടി ഇപ്പോൾ എന്റെ കൈയിൽ നിന്ന് കിട്ടില്ല. എല്ലാ കാര്യത്തിലും വൈകാതെ തീരുമാനമുണ്ടാകും'– അദ്ദേഹം പറഞ്ഞു.

പി വി അൻവർ നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് തൃണമൂൽ നേതൃത്വം നേരത്തെ വ്യക്തമാക്കിയിരുന്നു. അൻവർ ഉന്നയിച്ച ആവശ്യങ്ങളിൽ രണ്ട് ദിവസത്തിനകം യുഡിഎഫ് തീരുമാനം അറിയിച്ചില്ലെങ്കിൽ അൻവർ മത്സരിക്കുമെന്നാണ് തൃണമൂൽ അറിയിച്ചിരിക്കുന്നത്.

തൃണമൂൽ കോൺഗ്രസിനെ യുഡിഎഫിന്റെ ഭാഗമാക്കണമെന്ന ഭൃർത്ഥിച്ച് കത്ത് നൽകിയിട്ട് അഞ്ചുമാസത്തിലേറെയായി. എന്നാൽ യുഡിഎഫ് ഇക്കാര്യത്തിൽ ഇതുവരെ തീരുമാനം എടുത്തില്ലെന്ന് തൃണമൂൽ കോൺഗ്രസ് നേതാക്കൾ ആരോപിച്ചിരുന്നു.

അതേസമയം, അൻവറിനെ യു ഡി എഫിനൊപ്പം കൂട്ടുമെന്ന് കെ സുധാകരൻ പ്രതികരിച്ചു. അൻവറിന്റെ ആവശ്യങ്ങൾ പരമാവധി അംഗീകരിക്കുമെന്നും അൻവർ മുന്നണിക്ക് മുതൽക്കൂട്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

നിലമ്പൂരിൽ യു ഡി എഫ് സ്ഥാനാർത്ഥിയായി കെപിസിസി ജനറൽ സെക്രട്ടറി ആര്യാടൻ ഷൗക്കത്തിനെ കഴിഞ്ഞദിവസം പ്രഖ്യാപിച്ചിരുന്നു. എന്നാൽ യുഡിഎഫ് സ്ഥാനാർത്ഥിയായി ഷൗക്കത്തിനെ അംഗീകരിക്കില്ലെന്നാണ് അൻവറിന്റെ നിലപാട്.

രണ്ടുദിവസത്തിനകം യുഡിഎഫിലെടുക്കണം, തീരുമാനമില്ലെങ്കിൽ നിലമ്പൂരിൽ അൻവർ മത്സരിക്കും: തൃണമൂൽ

കോഴിക്കോട്: നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ യുഡിഎഫിന് തിരിച്ചടിയാകുന്ന തീരുമാനവുമായി തൃണമൂൽ കോൺഗ്രസ്. യുഡിഎഫ് പ്രവേശന കാര്യത്തിൽ തീരുമാനമെടുത്തില്ലെങ്കിൽ ഉപതിരഞ്ഞെടുപ്പിൽ മത്സരിക്കുമെന്നാണ് തൃണമൂൽ കോൺഗ്രസിന്റെ മുന്നറിയിപ്പ്. മുന്നണിപ്രവേശനവുമായി ബന്ധപ്പെട്ട് രണ്ടു ദിവസങ്ങൾക്കകം തീരുമാനമെടുക്കണമെന്നാണ് തൃണമൂൽ കോൺഗ്രസ് യുഡിഎഫിനോട് ആവശ്യപ്പെട്ടത്.

5മാസത്തിലേറെയായി മുന്നണി പ്രവേശനത്തിനായി കത്തു നൽകിയിട്ട്. എന്നാൽ ഇക്കാര്യത്തിൽ ഇതുവരെ തീരുമാനം എടുക്കാത്തതിനെ തുടർന്നാണ് പുതിയ നീക്കം. രണ്ടു ദിവസത്തിനകം തീരുമാനമെടുത്തില്ലെങ്കിൽ പി.വി. അൻവറിനെ മത്സരിപ്പിക്കുമെന്നാണ് തൃണമൂൽ കോൺഗ്രസ് നേതാക്കൾ വ്യക്തമാക്കിയത്. തൃണമൂൽ കോൺഗ്രസ് നിയോജക മണ്ഡലം കമ്മിറ്റിയുടേതാണ് തീരുമാനം.

മുന്നണിയിലെടുക്കുമെന്ന് ഉറപ്പ് ലഭിച്ചിരുന്നതുകൊണ്ടാണ് യുഡിഎഫ് സ്ഥാനാർഥിക്ക് പൂർണ പിന്തുണ പ്രഖ്യാപിച്ചത്. എന്നാൽ മുന്നണി പ്രവേശന കാര്യത്തിൽ തീരുമാനമുണ്ടായില്ലെന്ന് നേതാക്കൾ പറയുന്നു. ഇന്ന് മുസ്ലീം ലീഗ് നേതാവ് കുഞ്ഞാലിക്കുട്ടിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ഈ സമയത്താണ് പുതിയ നീക്കം. കഴിഞ്ഞ ദിവസം ആര്യാടൻ ഷൗക്കത്തിന്റെ സ്ഥാനാർഥിത്വത്തിനെതിരെ രംഗത്ത് വന്നിരുന്നു.

അതേസമയം തൃണമൂലിന്റെ ഭീഷണിക്കെതിരെ കോൺഗ്രസ് രംഗത്ത് വന്നു. പിണറായിസത്തിനെതിരെ പോരാടുമെന്ന് പ്രഖ്യാപിച്ച അൻവർ ആരാണ് മുഖ്യശത്രുവെന്ന് വ്യക്തമാക്കണമെന്നാണ് കോൺഗ്രസ് ആവശ്യപ്പെടുന്നത്. ഹൈക്കമാൻഡ് പ്രഖ്യാപിച്ച സ്ഥാനാർഥിക്കെതിരെ ആരോപണം ഉന്നയിച്ച അൻവറിനെ സഹകരിപ്പിക്കാനാകില്ല എന്നതാണ് ഒരു വിഭാഗം കോൺഗ്രസ് നേതാക്കളുടെ വികാരം. സമ്മർദ്ദം ചെലുത്തി കാര്യങ്ങൾ നേടിയെടുക്കാനുള്ള അൻവറിന്റെ നീക്കത്തിന് വഴങ്ങിക്കൊടുക്കേണ്ടതില്ല എന്നാണ് കോൺഗ്രസിന്റെ തീരുമാനം.

കേരളത്തിൽ പ്രളയ സാദ്ധ്യതാ മുന്നറിയിപ്പ്

തിരു : കേരളത്തിൽ മഴ ശക്തമാകുന്ന സാഹചര്യത്തിൽ നദികൾ കരകവിഞ്ഞൊഴുകാനിടയുള്ളതിനാൽ പ്രളയ സാദ്ധ്യതാ മുന്നറിയിപ്പുമായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പ്രളയ സാദ്ധ്യത കണക്കിലെടുത്ത് വിവിധ നദികൾക്ക് റെഡ്, ഓറഞ്ച് അലർട്ടുകൾ നൽകിയിരിക്കുകയാണ്. അധികൃതരുടെ നിർദേശാനുസരണം പ്രളയ സാദ്ധ്യതയുള്ളയിടങ്ങളിൽ നിന്ന് മാറി താമസിക്കണമെന്നാണ് നിർദേശം. യാതൊരു കാരണവശാലും നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കേണ്ടതാണെന്നും നിർദേശമുണ്ട്. കോട്ടയം ജില്ലയിലെ മീനച്ചിൽ, കോഴിക്കോട് ജില്ലയിലെ കോരപ്പുഴ, പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ, മണിമല എന്നീ നദികളിൽ ഓറഞ്ചും, തിരുവനന്തപുരം ജില്ലയിലെ വാമനപുരം, കണ്ണൂർ ജില്ലയിലെ പെരുമ്പ, മലപ്പുറം ജില്ലയിലെ ഭാരതപ്പുഴ, കാസർകോട് ജില്ലയിലെ ഉപ്പള, വയനാട് ജില്ലയിലെ കബനി എന്നീ നദികളിൽ മഞ്ഞ അലർട്ടുമാണ് നൽകിയിരിക്കുന്നത്.

രണ്ട് ന്യൂനമർദങ്ങൾ : മഴ ഇനിയും കനക്കും; 60 കി.മീ.വേഗതയിൽ കാറ്റിനു സാധ്യത

ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം രൂപപ്പെട്ടു. വരുന്ന മണിക്കൂറുകളിൽ മഴ ഇനിയും കനക്കും. അടുത്ത മൂന്നുമണിക്കൂർ പത്ത് ജില്ലകളിൽ ഓറഞ്ച് അലർട്ട്. മഹാരാഷ്ട്ര*!*!*!യ്ക്കും കർണാടകയ്ക്കും ഇടയിലായി മറ്റൊരു ന്യൂനമർദവും സ്ഥിതി ചെയ്യുന്നു. മണിക്കൂറിൽ 60 കി.മീ.വേഗതയിൽ കാറ്റടിക്കാനും സാധ്യതയുണ്ട്.

അതേസമയം, പെരുമഴ തുടരുന്ന മലബാറിൽ ഇന്നും ട്രെയിൻ യാത്ര ദുരിതമാകുമായിരിക്കുകയാണ്. കോഴിക്കോട് അരീക്കാട് മരംവീണ് റെയിൽവേ ഇലക്ട്രിക് ലൈൻ പൊട്ടിവീണു. കോഴിക്കോട് ഷൊർണൂർ റൂട്ടിൽ ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടു. രണ്ടാം ട്രാക്കിലൂടെ ഗതാഗതം താൽക്കാലികമായി പുനഃസ്ഥാപിച്ചിട്ടുണ്ട്. ഷൊർണൂർ കോഴിക്കോട് റൂട്ടിൽ ട്രെയിനുകൾ വൈകുന്നു. മംഗലാപുരം തിരുവനന്തപുരം വന്ദേഭാരത് രണ്ടേകാൽ മണിക്കൂറും മംഗലാപുരംകന്യാകുമാരി പരശുറാം എക്സ്പ്രസ് ഒന്നരമണിക്കൂറും വൈകിയോടുന്നു.

കോതമംഗലം പിടവൂരിൽ ശക്തമായ കാറ്റിൽ മരങ്ങൾ വീണ് വീട് തകർന്നു. വീട്ടുകാർ പുറത്തായിരുന്നതിനാൽ വൻ അപകടം ഒഴിവായി. പിടവൂർ മംഗലത്ത് ഷമീറിൻറെ വീടാണ് ഇന്നലെ രാത്രിയുണ്ടായ ശക്തമായ കാറ്റിലും മഴയിലും തകർന്നത്. ഷമീറും കുടുംബവും ആശുപത്രിയിൽ പോയ സമയത്താണ് വീട് തകർന്നത്. ഷീറ്റും ഓടും ഉപയോഗിച്ച് മേഞ്ഞിരുന്ന മേൽക്കൂര പൂർണമായും തകർന്നു

ചെമ്പൻകുഴിയിൽ ഓട്ടോയ്ക്ക് മുകളിലേക്ക് മരം വീണ് യാത്രക്കാർക്ക് പരുക്കേറ്റു. പിടവൂരിലും കോട്ടപ്പടിയിലും മരം വീണ് വീടുകൾ തകർന്നു. ചേലാട്, നെല്ലിമറ്റം, അയ്യപ്പൻ മുടി എന്നിവിടങ്ങളിലും നാശനഷ്ടങ്ങളുണ്ടായി. റോഡിലേക്ക് മരം വീണ് ഗതാഗതവും വൈദ്യുതിയും തടസ്സപ്പെട്ടു

ഷൊർണൂർ ഗണേഷ്ഗിരി സെൻറ് ആൻറണീസ് സ്കൂളിൻറെ മേൽക്കൂര കനത്ത മഴയിൽ തകർന്നുവീണു. കോഴിക്കോട് ഷൊർണൂർ റൂട്ടിൽ ഗതാഗതം തടസപ്പെട്ടു. ശക്തമായ കാറ്റിൽ ഇടുക്കി തൊപ്പിപ്പാള പെരിയോൻ കവല സ്വദേശി രാജേഷിന്റെ വീടിന്റെ മേൽക്കൂര പറന്നു പോയി. രാത്രി ഉണ്ടായ ശക്തമായ കാറ്റിലാണ് മേൽക്കൂര പറന്നത്. ഇതോടെ വീടിനുള്ളിൽ വെള്ളം കയറി. നെടുങ്കണ്ടം ആശാരികണ്ടം റോഡിൽ മരം ഒടിഞ്ഞു വീണ് ഗതാഗതം തടസ്സപ്പെട്ടു. അഗ്നിശമന സേനയെത്തി മരം മുറിച്ചുമാറ്റി ഗതാഗതം പുനസ്ഥാപിച്ചു. കുമിളി മൂന്നാർ സംസ്ഥാനപാതയിൽ വിധിയിടങ്ങളിൽ മരം വീണ് ഗതാഗതം ഭാഗികമായി തടസപ്പെട്ടു.

കൂടുതൽ കണ്ടെയ്നറുകൾ തീരത്തേക്ക്; പാപനാശത്ത് തീരം തൊട്ട് ഉപ്പുകല്ലുകൾ പോലുള്ള വസ്തുക്കൾ, ആശങ്ക

തിരു: അറബിക്കടലിൽ മുങ്ങിയ ചരക്കുകപ്പലിൽ നിന്നുള്ള കൂടുതൽ കണ്ടെയ്നറുകൾ തിരുവനന്തപുരം ജില്ലയുടെ തീര പ്രദേശങ്ങളിലടക്കം അടിഞ്ഞു തുടങ്ങിയതോടെ ജനങ്ങൾ ആശങ്കയിൽ. ഇന്ന് രാവിലെയാണ് തിരുവനന്തപുരം ജില്ലയിലെ അതിർത്തി തീര പ്രദേശങ്ങളായ അഞ്ചുതെങ്ങ്, അയിരൂർ, വർക്കല, ഇടവ പ്രദേശങ്ങളിൽ കണ്ടെയിനറുകൾ അടിഞ്ഞത്. അഞ്ചുതെങ്ങ്, മാമ്പള്ളി, മുതലപ്പൊഴി, എന്നീ തീരങ്ങളിൽ കണ്ടെയ്നറിനുള്ളിലെ പാഴ്സലുകളും ഒഴുകി നടക്കുന്നതായാണ് കോസ്റ്റൽ പോലീസ് അറിയിച്ചത്. ഉപ്പുകല്ലുകൾ പോലുള്ള വസ്തുക്കൾ തീരത്ത് വെള്ള നിറത്തിൽ അടിഞ്ഞുകൂടിയിട്ടുണ്ട്. പാപനാശം തീരത്ത് ഒഴുകി നടന്ന പൊളിഞ്ഞ കണ്ടെയ്നർ വർക്കല ടൂറിസം പോലീസും നാട്ടുകാരും ചേർന്ന് കയറു കെട്ടി കരയിലേക്ക് വലിച്ച് കയറ്റി.

വർക്കല പാപനാശം തീരത്ത് ബലിതർപ്പണം നടത്തുന്നതിലും ആശങ്ക ഉടലെടുത്തിട്ടുണ്ട്. രാവിലെ മുതൽ പാപനാശത്ത് ബലിതർപ്പണത്തിന് ക്രമാതീതമായ തിരക്കനുഭവപ്പെടുന്നുണ്ട്. കണ്ടെയ്നർ ഭീഷണി നിലനിൽക്കെയാണ് വർക്കല പാപനാശം തീരത്ത് ബലിതർപ്പണം നടത്തുന്നതെന്നതാണ് ആശങ്കക്ക് കാരണം. ബലിതർപ്പണത്തിനായി കടലിലേക്ക് ഇറങ്ങുന്ന ജനങ്ങളും ആശങ്കയിലാണ്. വർക്കല ടൂറിസം പോലീസ് ഉച്ചഭാഷിണിയിലൂടെ ജാഗ്രതാ നിർദ്ദേശം നൽകുന്നുണ്ട്.

വർക്കല മാന്തറ ബീച്ചിൽ പാറയിടുക്കിൽ അടിഞ്ഞത് കണ്ടെയ്നറിന്റെ അവശിഷ്ടങ്ങൾ മാത്രമാണ്. കണ്ടെയ്നർ എല്ലാം പൊട്ടിപ്പൊളിഞ്ഞ് സാധനങ്ങൾ നഷ്ടപ്പെട്ട നിലയിലായിരുന്നു. അപകടകരമായ വസ്തുക്കളുണ്ടാകാൻ സാധ്യതയുള്ളതിനാൽ കണ്ടെയ്നർ തൊടരുത്, അടുത്ത് പോകരുതെന്നടക്കം നേരത്തെ നിർദ്ദേശമുണ്ടായിരുന്നു.

കണ്ടെയ്നറുകൾ തീരത്ത് അടിഞ്ഞത് മത്സ്യതൊഴിലാളികൾക്ക് വലിയ ആശങ്കയാണ് ഉണ്ടാക്കുന്നത്. 'എത്ര നാളത്തേക്ക് ഇനി മീൻ പിടിക്കാൻ പോകാൻ സാധിക്കുമെന്ന് അറിയില്ല. മൂന്നുമാസമെങ്കിലും മത്സ്യബന്ധനം സാധ്യമല്ല എന്നാണ് കരുതുന്നത്. മീൻ പിടിക്കാൻ സാധിച്ചില്ലെങ്കിൽ പട്ടിണിയിലാകും. രാസവസ്തുക്കൾ ഒക്കെ കണ്ടയ്നറുകൾക്കുള്ളിൽ ഉണ്ടന്നൊക്കെ വാർത്തകളിൽ കണ്ടു. എല്ലാവർക്കും പേടിയുണ്ട്. കുട്ടികൾ ഒക്കെ ഓടിക്കളിക്കുന്ന തീരമാണ്. അവർക്കും പേടിയാണ്.' തുമ്പയിലെ മത്സ്യത്തൊഴിലാളി പറയുന്നു.

അതേസമയം, കൊല്ലം, ആലപ്പുഴ ജില്ലകളുടെ തീരങ്ങളിൽ അടിഞ്ഞ കണ്ടെയ്നറുകൾ ഇന്ന് മുതൽ നീക്കം ചെയ്ത് തുടങ്ങും. ക്രെയിൻ ഉൾപ്പെടെയുള്ള വാഹനങ്ങൾക്ക് എത്തിച്ചേരാൻ കഴിയാത്ത പ്രദേശങ്ങളായതിനാൽ കടൽ മാർഗം കൊല്ലം പോർട്ടിലേക്ക് മാറ്റാനാണ് നീക്കം. തങ്കശേരിക്ക് സമീപം ഒഴുകി നടന്ന കണ്ടെയ്നർ മത്സ്യബന്ധന ബോട്ടിൽ കെട്ടിവലിച്ച് ഇന്നലെ പോർട്ടിലെത്തിച്ചിരുന്നു. തീരത്തടിഞ്ഞ ഭൂരിഭാഗം കണ്ടെയ്നറുകളും ശൂന്യമാണ്. ചിലതിൽ അപകടകരമല്ലാത്ത വസ്തുക്കളും കണ്ടെത്തിയിരുന്നു. കൂടുതൽ കണ്ടെയ്നറുകൾ അടിയാനുള്ള സാധ്യത കണക്കിലെടുത്ത് തീരപ്രദേശങ്ങളിൽ ജാഗ്രത തുടരുകയാണ്.

ഒരു കുടുംബത്തിലെ നാലുപേർ മരിച്ച നിലയിൽ

തിരു : തിരുവനന്തപുരം വക്കത്ത് ഒരു കുടുംബത്തിലെ നാലുപേരെ മരിച്ച നിലയിൽ കണ്ടെത്തി. വെളിവിളാകം ക്ഷേത്രത്തിന് സമീപം താമസിക്കുന്ന വക്കം ഫാർമേഴ്സ് സഹകരണ ബാങ്ക് ജീവനക്കാരൻ അനിൽകുമാർ (55), ഭാര്യ ഷീജ (50), മക്കളായ അശ്വിൻ (25), ആകാശ് (22) എന്നിവരാണ് മരിച്ചത്. തൂങ്ങി മരിച്ച നിലയിലാണ് നാലുപേരെയും കണ്ടെത്തിയത്.

നാട്ടുകാർ കടയ്ക്കാവൂർ പൊലീസിൽ വിവരം അറിയിക്കുകയായിരുന്നു. പൊലീസ് സ്ഥലത്തെത്തി ഇൻക്വസ്റ്റ് നടപടികൾ ആരംഭിച്ചു.

കടബാധ്യത മൂലമുള്ള ആത്മഹത്യയാണെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം.

ലോഡ്ജ് കെട്ടിത്തിൽ നിന്ന് വീണു മരിച്ചു

ബംഗളൂരു: കാസർകോട് സ്വദേശി ബംഗളൂരുവിൽ കെട്ടിടത്തിൽ നിന്ന് വീണ് മരിച്ചു. കാസർകോട് നീർച്ചാൽ കന്യാപാടി ബിസ്മില്ല മൻസിലിൽ അബ്ദുൽ ഷുക്കൂറിന്റെ മകൻ മുഹമ്മദ് ഉനൈസ്(19) ആണ് മരിച്ചത്. കാടുഗോഡിയിലെ സ്വകാര്യ ലോഡ്ജ് കെട്ടിടത്തിൽ നിന്നാണ് താഴേക്ക് വീണത്.

ഗുരുതര പരുക്കേറ്റ ഉനൈസിനെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. പിന്നീട് വിദഗ്ധ ചികിത്സയ്ക്കായി വിക്ടോറിയ ആശുപത്രിയിലേക്ക് കൊണ്ടുപോകും വഴി മരണപ്പെടുകയായിരുന്നു.

രണ്ട് മാസത്തോളമായി രാജപ്പാളയ ഹൂഡിയിൽ ഫാൻസി കടയിൽ ജോലിചെയ്ത് വരികയായിരുന്നു.

COURT NOTICE

BEFORE THE HON'BLE MOTOR ACCIDENTS CLAIMS TRIBUNAL, THRISSUR

OP (MV) 273/2018

Haneesa Hamza
-Petitioner

Rishad, S/o. Nazar, Kinattingl Parambil House, B. P Angadi, Malappuram
-Respondent No. 2

The afforesaid respondent take notice, that above petition is posted for appearance on **09-06-2025** at 11 am. If no appearence made on your behalf by yourself, your pleader it will be your heard and decided in your absence.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഇ ഡി . കുറ്റപത്രത്തിനെതിരെ സി പി എം പൊരുതും:അബ്ദുൾ ഖാദർ

തൃശൂർ: അനീതി നിറഞ്ഞതും രാഷ്ട്രീയ പ്രേരിതവുമായ കുറ്റപത്രമാണ് കരുവന്നൂർ കേസിൽ ഇ ഡി തയ്യാറാക്കി കോടതിയിൽ സമർപ്പിച്ചിട്ടുള്ളതെന്ന് സി പി ഐ എം തൃശൂർ ജില്ലാ കമ്മിറ്റി സെക്രട്ടറി കെ.വി അബ്ദുൾ ഖാദർ പ്രസ്താവിച്ചു. ഇതിനെ നിയമപരമായും രാഷ്ട്രീയമായും നേരിടും. കേന്ദ്ര ഭരണകക്ഷിയുടെ താൽപര്യങ്ങൾ മുൻനിറുത്തി രാഷ്ട്രീയ എതിരാളികളെ വേട്ടയാടുന്നതിന്റെ ഭാഗമായാണ് കുറ്റപത്രത്തിൽ പാർട്ടി ജില്ലാ സെക്രട്ടറിമാരായിരുന്നവരെ ഉൾപ്പെടുത്തിയത്.

ദീർഘകാല രാഷ്ട്രീയ പാരമ്പര്യമുള്ള നേതാക്കളാണ് അന്യായമായി പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവർ..മാതൃകാപരമായ പൊതുജീവിതം ഉള്ളവരാണിവരെല്ലാം. അഴിമതിക്കും തെറ്റായ പ്രവണതകൾക്കുമെതിരെ ജീവിതം കൊണ്ട് പോരാടിയവരെ അഴിമതി നിറഞ്ഞ ഒരു കേന്ദ്ര ഏജൻസി കരിയടിക്കാൻ ശ്രമിക്കുന്നത് അപഹാസ്യമാണ്.

കൊച്ചിയിലെ ഇഡി ഉദ്യോഗസ്ഥർ കൈക്കൂലി കേസിൽ പെട്ട് ജന സമക്ഷം അവഹേളിതമായിരിക്കുന്ന സമയത്ത് വാർത്തകൾ വഴി തിരിച്ചു വിടാനുള്ള ആസൂത്രിത ശ്രമം കൂടിയാണ് ഇപ്പോഴത്തെ കുറ്റപത്രം. കൊടകരയിൽ ബിജെപി ഇറക്കിയ 34 കോടിയുടെ കുഴൽ പണ കേസിന്റെ കുറ്റപത്രത്തിൽ ബി ജെ പി യെ ഒഴിവാക്കിയ അതേ ഉദ്യോഗസ്ഥരാണ് ഇപ്പോൾ ഇത്തരത്തിൽ നീതിയെ ബലികഴിക്കുന്ന റിപ്പോർട്ട് നൽകിയിട്ടുള്ളത്. ഇതിനെ നിയമപരവും രാഷ്ട്രീയവുമായി സി പി ഐ എംനേരിടും.

തൃശൂർ ജില്ലയിലെ 111 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ 2024-25 വാർഷിക പദ്ധതി കളിലെ 100% പദ്ധതി വിഹിതം ചിലവഴിച്ചതിൽ കാറളം പഞ്ചായത്ത് മൂനാം സ്ഥാനം കൈവരിച്ചിരിക്കുന്നു.. തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഡ. ട. പ്രിൻസ് അവർകളിൽ നിന്നും ജില്ലാ കളക്ടർ അർജുൻ പാൻഡ്യന്റെ സാനിദ്ധ്യത്തിൽ ഉപഹാരം ഗ്രാമപഞ്ചായത്ത് ഭരണാസമിതിയും സ്റ്റാഫുകളും ചേർന്നു സ്വീകരിച്ചു

കരുവന്നൂർ കേസ് അഴിമതിക്കാർ ശിക്ഷിക്കപ്പെടണം കേസുകൾ പ്രതികളെ രക്ഷിക്കാനാകരുത് : അഡ്വ. ജോസഫ് ടാജറ്റ്

തൃശൂർ: കരുവന്നൂർ സഹകരണ ബാങ്ക് നിക്ഷേപ തട്ടിപ്പ് കേസിൽ അഴിമതിക്കാർ ശിക്ഷിക്കപ്പെടണമെന്ന് ഡി.സി.സി പ്രസിഡണ്ട് അഡ്വ. ജോസഫ് ടാജറ്റ് പറഞ്ഞു. കരുവന്നൂരിൽ സാധാരണ നിക്ഷേപകരുടെ പണമാണ് നഷ്ടപ്പെട്ടത്,ആയത് ദുരുപയോഗം ചെയ്തതിൽ സി പി എം ന് പങ്കുണ്ടെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. അവരെ ശിക്ഷിക്കാനാകണം കേസ് റജിസ്റ്റർ ചെയ്യുന്നത്.ഇ ഡി ഇപ്പോൾ സി പി എം പാർട്ടിയെയാണ് പ്രതി ചേർത്തിരിക്കുന്നത്, ഇത് എത്രമാത്രം നിലനിൽക്കും എന്നത് ചർച്ച ചെയ്യേണ്ടതാണ്. ഇത്തരത്തിൽ പ്രതികളെ പട്ടികയിൽ ചേർക്കുന്നത് കുറ്റക്കാരെ രക്ഷിക്കാനാണ്. ഇത് ബി ജെ പി -സി പി എം ഡീലിന്റെയും പരസ്പര സഹായ സഹകരണത്തിന്റെയും തെളിവാണ്. കേസിൽ പ്രതി ചേർക്കപ്പെട്ടതിന് നേതാക്കൾ കേന്ദ്രത്തെ പഴിചാരിയതുകൊണ്ട് ആയില്ല. നാളുകൾഏറെകഴിഞ്ഞ് ഈഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ പ്രതി ചേർത്തത് രാഷ്ട്രീയ മുതലെടുപ്പിനാണ്. കരുവന്നൂർ സഹകരണ ബാങ്ക് അഴിമതിയെക്കുറിച്ച് പാർട്ടി നടത്തിയ അന്വേഷണത്തിൽ പിഴവുണ്ടായെന്നും നിക്ഷേപങ്ങൾ നഷ്ടപ്പെട്ട സംഭവത്തിൽ സി പി എമ്മിന്റെ നേതാക്കളെയോ പ്രവർത്തകരെയോ യാഥാർത്ഥ്യം ബോധ്യപ്പെടുത്താൻ പാർട്ടിക്ക് സാധിച്ചിട്ടില്ലെന്നുമുള്ള മുൻ സഹകരണ വകുപ്പ് മന്ത്രി ജി.സുധാകരന്റെ പ്രസ്താവന ഈയവസരത്തിൽ പ്രത്യേകം എടുത്തു പറയേണ്ടതാണ്. കൂടാതെ ക്രമക്കേട് നടത്തിയവർക്കെതിരെ നടപടികൾ സി പി എം സ്വീകരിച്ചുവെന്ന് പാർട്ടി രേഖയിൽ പറയുന്നുവെന്ന് മാധ്യമങ്ങൾ പറഞ്ഞിട്ടുള്ളതുമാണ്

പാർട്ടിയുടെ മൂന്ന് ജില്ലാ സെക്രട്ടറിമാർ പ്രതിക്കൂട്ടിലായിട്ടും ജാള്യത മറയ്ക്കാൻ ഇ.ഡിക്കെതിരെ സി പി എം നടത്തുന്ന പ്രസ്താവനകൾ വെറും പ്രഹസനമാണ്. തൃശൂരിലെ സി. പി എം ജില്ലാ നേതൃത്വം ഒന്നിച്ച് ജയിലേക്ക് പോകേണ്ട സാഹചര്യമാണിപ്പോളെന്നും അഡ്വ. ജോസഫ് ടാജറ്റ് പറഞ്ഞു.

മാർ കുണ്ടുകുളം അനുസ്മരണവും കുടുംബസംഗമവും

തൃശൂർ: അതിരൂപത സ്നേഹ സർവ്വീസ് സെന്ററിന്റെ ആഭിമുഖ്യത്തിൽ കൊട്ടേക്കാട് മാർ കുണ്ടുകുളം ഗ്രാമത്തിൽ അനുസ്മരണവും കുടുംബ സംഗമവും നടത്തി.

മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. "ഭക്ഷണം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, ജീവിതത്തിലെ വിവിധ ആവശ്യങ്ങൾ തുടങ്ങി മനുഷ്യന്റെ സമഗ്ര വളർച്ചക്കാവശ്യമായ വിവിധ സ്ഥാപനങ്ങൾ പ്രവാചദൃഷ്ടിയോടെ ആരംഭിക്കുവാൻ കഴിഞ്ഞ മഹാനായ മനുഷ്യസ്നേഹിയായിരുന്നു മാർ കുണ്ടുകുളം പിതാവ്" എന്ന് പ്രസ്താവിച്ചു.

ഡയറക്ടർ ഫാ. ജിയോ ചിരിയങ്കണ്ടത്ത് അദ്ധ്യക്ഷത വഹിച്ചു. സാന്ത്വനം ഡയറക്ടർ ഫാ. ജോജു ആളൂർ അനുഗ്രഹപ്രഭാഷണം നടത്തി. കൊട്ടേക്കാട് കോൺവെന്റ് സുപ്പീരിയർ സിസ്റ്റർ നിവ്യ, പ്രസിഡന്റ് ബേബി മൂക്കൻ, ശാരിക മനോജ്, ജോയ് പോൾ, മറിയാമ്മ ജോൺസൻ എന്നിവർ പ്രസംഗിച്ചു. ഗ്രാമത്തിലെ പ്രായംകൂടിയ ലക്ഷ്മി അമ്മയെ പൊന്നാട നൽകി ബിഷപ്പ് ആദരിച്ചു.

വിദ്യാർത്ഥികൾക്ക് നോട്ടുബുക്ക് വിതരണം ചെയ്തു. തുടർന്ന് കുട്ടികളുടെ കലാപരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരുന്നു. ജോസ് കുത്തൂർ, ജോൺസൺ കൊക്കൻ, റപ്പായി പാലമറ്റം തുടങ്ങിയവർ നേതൃത്വം നൽകി.

സ്വീകരണം നൽകി

ഇരിങ്ങാലക്കുട: മുകുന്ദപുരം സർക്കിൾ സഹകരണ യൂണിയൻ തിരഞ്ഞെടുപ്പിൽ വിജയിച്ച ജോസഫ് ചാക്കോക്കും, കെ എ സുബ്രഹ്മണ്യനും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഇരിങ്ങാലക്കുട നിയോജക മണ്ഡലം കമ്മറ്റി സ്വീകരണം നൽകി. ഇരിങ്ങാലക്കുട ടൗൺ ഹാളിൽ നടന്ന ചടങ്ങിൽ കെ.പി.സി.സി മുൻ ജനറൽ സെക്രട്ടറി എം പി ജാക്സൺ ഉദ്ഘാടനം ചെയ്തു. ഡി സി സി സെക്രട്ടറി സോണിയ ഗിരി, ബ്ലോക്ക് കോൺഗ്രസ്സ് പ്രസിഡണ്ടുമാരായ സോമൻ ചിറ്റേത്ത്, ഷാറ്റോ കുര്യൻ, മുൻ ബ്ലോക്ക് പ്രസിഡണ്ട് ടി വി ചാർളി, മണ്ഡലം കോൺഗ്രസ്സ് പ്രസിഡന്റ് അബ്ദുൾ ഹഖ് സി എസ് തുടങ്ങിയവർ ആശംസകൾ നേർന്ന് സംസാരിച്ചു.

കാലവർഷം: സാഹോദര്യ കേരള പദയാത്ര താത്കാലികമായി നിർത്തി വയ്ക്കുന്നു - വെൽഫെയർ പാർട്ടി

തിരു: ഏപ്രിൽ 19-ന് തിരുവനന്തപുരത്ത് നിന്നാരംഭിച്ച പദയാത്ര കേരളത്തിലെ വിവിധ ജില്ലകളിൽ ആവേശകരമായ പര്യടനം പൂർത്തിയാക്കി കണ്ണൂർ ജില്ലയിൽ എത്തിച്ചേർന്നിരിക്കുകയാണ്. പതിവിൽ നിന്നും വ്യത്യസ്തമായി കാലവർഷം നേരത്തെ ആരംഭിക്കുകയും മഴ ശക്തി പ്രാപിക്കുകയും ചെയ്ത സാഹചര്യത്തിൽ പദയാത്രയിലെ ശേഷിക്കുന്ന പരിപാടികൾ മറ്റൊരു സന്ദർഭത്തിലേക്ക് മാറ്റി വെക്കുകയാണെന്ന് വെൽഫെയർ പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി എസ്. ഇർഷാദ് പത്രക്കുറിപ്പിൽ അറിയിച്ചു. കേരളത്തിൽ പല സ്ഥലങ്ങളിലും മഴക്കെടുതിയും മറ്റു ദുരന്തങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യവും നിലവിലുണ്ട്.

രാഷ്ട്രീയ കേരളത്തിന്റെ ചരിത്രത്തിൽ ഇടം പിടിച്ച മുന്നേറ്റമായി സാഹോദര്യ കേരള പദയാത്രയെ സ്വീകരിക്കുകയും വിജയിപ്പിക്കുകയും ചെയ്ത എല്ലാ ജനാധിപത്യ വിശ്വാസികൾക്കും സഹപ്രവർത്തകർക്കും സംസ്ഥാന കമ്മിറ്റിയുടെ സാഹോദര്യ അഭിവാദ്യങ്ങൾ അറിയിക്കുന്നുവെന്ന് എസ്. ഇർഷാദ് പറഞ്ഞു.

മഴയിലും കാറ്റിലും മുകുന്ദപുരം താലൂക്കിൽ 26 ഓളം വീടുകൾ ഭാഗികമായി തകർന്നു

മാപ്രാണം വാതിൽമാടം കോളനിയിൽ വീണ്ടും മണ്ണിടിച്ചിൽ; മാറി താമസിക്കാൻ എഴ് കുടുംബങ്ങൾക്ക് നോട്ടീസ്; മരങ്ങൾ വീണ് താറുമാറായ വൈദ്യുതി വിതരണം പുനസ്ഥാപിക്കാനുള്ള നടപടികൾ തുടരുന്നു.

ഇരിങ്ങാലക്കുട : കനത്ത മഴയിലും കാറ്റിലും മുകുന്ദപുരം താലൂക്കിൽ കഴിഞ്ഞ ദിവസം രാത്രിയും ഇന്നുമായി ഭാഗികമായി തകർന്നത് 26 ഓളം വീടുകൾ. നെല്ലായി, തൊട്ടിപ്പാൾ, കാട്ടൂർ, ആനന്ദപുരം, പുമംഗലം, കൊറ്റനെല്ലൂർ, വേളൂക്കര എന്നിവടങ്ങളിൽ ഓരോ വീടും വള്ളിവട്ടം, തെക്കുംകര, ഇരിങ്ങാലക്കുട എന്നിവങ്ങളിൽ രണ്ട് വീടും എടതിരിഞ്ഞി, മാടായിക്കോണം , മുരിയാട് എന്നീ വില്ലേജുകളിൽ മൂന്ന് വീടുകളും ഭാഗികമായി തകർന്നിട്ടുണ്ട്.

ഇരിങ്ങാലക്കുട നഗരസഭ പരിധിയിൽ കെഎസ്ഇ കമ്പനിക്ക് സമീപം പാറപ്പുറത്ത് വീട്ടിൽ സുധാ ദേവിയുടെ വീടിന്റെ മേൽക്കൂര മഴയിൽ തകർന്നു. മേൽക്കൂര വീണ് സുധാ ദേവിക്ക് പരിക്കേറ്റിട്ടുണ്ട്. ചന്തക്കുന്ന് ഇറക്കത്ത് കുന്നിക്കുരു വീട്ടിൽ അൽഫോൺസയുടെ വീട് പുലർച്ചെ മരം വീണ് ഭാഗികമായി തകർന്നു. ആരും വീട്ടിൽ ഉണ്ടായിരുന്നില്ല. നഗരസഭ വാർഡ് 38 ൽ വാതിൽമാടം കോളനിയിൽ ഉണ്ടായ മണ്ണിടിച്ചിലിൽ മരം വീണ് കൂടാരത്തിൽ രാമക്ക ഭദ്രയുടെ വീടിന് നഷ്ടമുണ്ടായിട്ടുണ്ട്. മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന കോളനിയിലെ എഴ് കുടുംബങ്ങളോട് മാറി താമസിക്കാൻ അധികൃതർ ആവശ്യപ്പെട്ടിട്ടുണ്ട്.

കാട്ടൂർ പഞ്ചായത്തിൽ ഈഴുവപ്പടി സന്തോഷ്, പുമംഗലത്ത് കൊമ്പരുപറമ്പിൽ ശശി, വേളൂക്കരയിൽ മേപ്പറമ്പ് ശശീന്ദ്രൻ , മുരിയാട് പഞ്ചായത്തിൽ പൂവാലിപറമ്പിൽ ശ്രീനിവാസൻ, പള്ളിപ്പാമടത്തിൽ ശ്രീധൻ, കോടൻവിളയിൽ രാഖി എന്നിവരുടെ വീടുകൾക്ക് മരങ്ങൾ വീണ് നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

അതേ സമയം കാറ്റിൽ മരങ്ങൾ വീണ് വൈദ്യുതി ലൈനുകൾ തകർന്നത് മൂലമുള്ള വൈദ്യുതി സ്തംഭനം മേഖലയിൽ തുടരുകയാണ്.

പട്ടണത്തിൽ ഭാഗികമായി വൈദ്യുതി വിതരണം പുനസ്ഥാപിച്ച് കഴിഞ്ഞതായും മറ്റ് പ്രദേശങ്ങളിൽ വിതരണം പുനസ്ഥാപിക്കാനുള്ള നടപടികൾ നടന്ന് വരികയാണെന്നും കെഎസ്ഇബി അധികൃതർ അറിയിച്ചു.

ട്രെയിനുകൾ വൈകിയോടുന്നു

തൃശൂർ : ശക്തമായ കാറ്റിലും മഴയിലും കോഴിക്കോടും ആലുവയിലും റെയിൽവെ ട്രാക്കിൽ മരം വീണതിനെ തുടർന്ന് ട്രെയിനുകൾ വൈകി ഓടുന്നു. ഗതാഗതം പുനസ്ഥാപിച്ചെങ്കിലും പല ട്രെയിനുകളും മൂന്നും നാലും മണിക്കൂർ വൈകി ഓടുകയാണ്.

പുതുക്കാട് സർവ്വീസ് സഹകരണ ബാങ്കിന്റെ നീതി മെഡിക്കൽ സ്റ്റോർ ബസാർ റോഡ് കണ്ണത്ത് ബിൽഡിംഗിൽ ബാങ്ക് പ്രസിഡണ്ട് രാജു തളിയപറമ്പലിന്റെ അധ്യക്ഷതയിൽ പുതുക്കാട് പഞ്ചായത്ത് പ്രസിഡണ്ട് കെ കെ ബാബുരാജ് ഉദ്ഘാടനം ചെയ്യുന്നു.

അടഞ്ഞുകിടന്ന വീട് വൃത്തിയാക്കാനെത്തിയ യുവാക്കളെ കൊലപ്പെടുത്താൻ ശ്രമിച്ച രണ്ട് പേർ റിമാണ്ടിൽ

തൃശൂർ: വലപ്പാട് പോലീസ് സ്റ്റേഷൻ പരിധിയിൽ 24.05.2025 തീയ്യതി രാത്രി 7.30 മണിക്ക് മുഹമ്മദ് അഫാൻ 26 വയസ്സ്, പണിക്കവീട്ടിൽ ഹൗസ്. കണ്ടശ്ശാം കടവ് ദേശം, പടിയം വില്ലേജ് എന്നയാളുടെ മുറ്റിച്ചൂർ പാലത്തിന് പടിഞ്ഞാറ് വശത്തുള്ള 2 വർഷത്തോളമായി അടഞ്ഞു കിടന്നിരുന്ന വീട് വൃത്തിയാക്കാൻ എത്തിയ മുഹമ്മദ് അഫാനെയും ബന്ധുവായ മുഹമ്മദ് റഹീസിനെയും ആക്രമിക്കുകയും കരിങ്കല്ല് കഷ്ണം കൊണ്ട് ഇടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കാര്യത്തിന് വിവേക് 18 വയസ്സ് ,തൂമാട്ട് വീട്,ചേർക്കര, തളിക്കുളം, എന്നയാളെയും അഭി ജിത്ത് 18 വയസ്സ്, മൂത്താണ്ടശ്ശേരി വീട്, ചെർക്കര, തളിക്കുളം വില്ലേജ് എന്നയാളെയും വലപ്പാട് പോലീസ് അറസ്റ്റ് ചെയ്തു. പ്രതികൾ സ്ഥിരമായി മദ്യപിക്കാൻ ഉപയോഗിച്ചിരുന്ന വീടായിരുന്നു ഇത്.

വിവേക് വാടാനപ്പള്ളി പോലീസ് സ്റ്റേഷനിൽ വധശ്രമ കേസിലെ പ്രതിയാണ്.

വലപ്പാട് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ രമേഷ്.എം.കെ സബ്ബ് ഇൻസ്പെക്ടർ എബിൻ. സി. എൻ, സീനിയർ സിവിൽ പോലീസ് ഓഫിസർ സോഷി, സുനീഷ് , സിവിൽ പോലീസ് ഓഫിസർ ജെസ്സിൻ തോമസ് എന്നിവരാണ് അന്വേഷണസംഘത്തിലുണ്ടായിരുന്നത്.

നിര്യാതയായി

ചന്ദ്രമതി അമ്മ

ഒരുമനയൂർ: മുത്തന്മാവ് കിഴക്ക് വശം താമസിക്കുന്ന പരേതനായ കുമ്പനാഴിയത്ത് ഗോവിന്ദൻകുട്ടി നായരുടെ ഭാര്യയുമായ കണിയാംപറമ്പിൽ പൊറ്റേക്കാട്ട് ചന്ദ്രമതി അമ്മ - 92 വയസ് പാരായത്ത് ഹൗസ്) ശവസംസ്കാരം ഇന്ന് ഉച്ചക്ക് പാറമേക്കാവ് ദേവസ്വം ശാന്തിഘട്ട് ശ്മശാനത്തിൽ നടത്തപ്പെട്ടു.മക്കൾ: സുധാകരൻ, രാജലക്ഷ്മി, വനജ, ഗോപാലകൃഷ്ണൻ (late),ശ്രീലത മരുമക്കൾ :സതി ദേവി, ഗിരിജൻ മോഹൻദാസ് വിദ്യ വിജയൻ.

കൂടുതൽ സജ്ജീകരണങ്ങളോടെ അഴീക്കോട് ചെമ്മീൻ വിത്ത് ഉത്പാദനകേന്ദ്രം

തൃശൂർ.സംസ്ഥാനത്തെ ആദ്യത്തെ മത്സ്യവിത്ത് ഉത്പാദന സ്ഥാപനമായ അഴീക്കോട് ചെമ്മീൻ വിത്ത് ഉത്പാദന കേന്ദ്രം കൂടുതൽ സജീകരണങ്ങളുടെ പൊതുജനങ്ങൾക്കായി ഒരുക്കിയിരിക്കുന്നു.

8.60 കോടി രൂപ ചിലവഴിച്ച് മത്സ്യകർഷകർ കൂടുതൽ ആവശ്യപ്പെടുന്ന കടൽ, കായൽ മത്സ്യക്കുഞ്ഞുങ്ങളുടെ ഉത്പാദത്തിനാവശ്യമായ അടിസ്ഥാന സൗകര്യവും, കൃഷിയിടങ്ങളിലെ മണ്ണ്, ജലം, എന്നിവയുടെ പരിശോധനക്കും ജലഗുണനിലവാരം കണ്ടെത്തുന്നതിനും രോഗനിർണ്ണയത്തിനുമായി 38.10 ലക്ഷം രൂപ ചിലവഴിച്ച് അക്വാട്ടിക് ആനിമൽ ഹെൽത്ത് ലാബും സജ്ജീകരിച്ചിട്ടുണ്ട്.

ഓരുജല മത്സ്യവിത്തുത്പാദന യൂണിറ്റിൽ ഗുണനിലവാരം ഉറപ്പാക്കിയ കരിമീൻ, പൊമ്പാനോ, പൂമീൻ, കാളാഞ്ചി, തിരുത, കോബിയ പോലുള്ള മത്സ്യകുഞ്ഞുങ്ങളെ പരിപാലിച്ചെടുക്കുന്നതിനുള്ള നഴ്സറി സൗകര്യങ്ങളും, എട്ട് ടണ്ണിന്റെ 62 ടാങ്കുകളും 250 ടണ്ണിന്റെ ആറ് ടാങ്കുകളിലുമായി മാലിന്യ സംസ്കരണ പ്ലാൻറും, ഹാച്ചറി ജീവനക്കാർക്ക് താമസിക്കുന്നതിനാവശ്യമായ കെട്ടിടവും ഇതിനോടകം പൂർത്തീകരിച്ചു കഴിഞ്ഞു. യൂണീറ്റ് പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതോടെ പ്രതിവർഷം 10 ലക്ഷം കരിമീൻ കുഞ്ഞുങ്ങൾ അധികമായി ഉത്പാദിപ്പിക്കാവുന്ന കേന്ദ്രമായി അഴീക്കോട് മത്സ്യവിത്ത് ഉത്പാദന കേന്ദ്രം മാറും. കൂടാതെ വാണിജ്യ പ്രാധാന്യമുള്ള മത്സ്യ ഇനങ്ങളായ കാളാഞ്ചി, ചെമ്പല്ലി, തിരുത, പൂമീൻ എന്നിവയുടെ നഴ്സറി പരിപാലനവും സാധ്യമാകും. തത്ഫലമായി 15 ലക്ഷത്തിലധികം ഓരുജല മത്സ്യവിത്തുകൾ പ്രതിവർഷം കർഷകർക്ക് വിതരണം ചെയ്യാൻ സഹായകമാകും.

അടിക്കടിയുണ്ടാകുന്ന രോഗവ്യാപനം മത്സ്യകൃഷിയെ സാരമായി ബാധിക്കാറുണ്ട്. ഇവ നിയന്ത്രണ വിധേയമാക്കുന്നതിന് തുടർച്ചയായ നീരീക്ഷണവും മുൻകൂട്ടിയുള്ള രോഗനിർണ്ണയവും പ്രതിരോധം സൃഷ്ടിക്കലും അനിവാര്യമാണ്. നിലവിലെ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗിനോട് ചേർന്ന് പ്രത്യേകം സജ്ജീകരിച്ച സംവിധാനത്തിലാണ് അക്വാട്ടിക് അനിമൽ ഹെൽത്ത് ലാബ് ഒരുക്കിയിട്ടുള്ളത്. രോഗഹേതുക്കളായ ബാക്ടീരിയകളെ കണ്ടെത്തുവാൻ മൈക്രോബയോളജി ലാബും, വൈറസ്സുകളെ നിർണ്ണയിക്കുന്നതിനുള്ള പി സി ആർ സംവിധാനവും ലാബിലുണ്ട്. കൂടാതെ മണ്ണ്, ജലം എന്നിവയുടെ അനുയോജ്യത ഉറപ്പാക്കുന്നതിനുള്ള പരിശോധനയും ലഭ്യമാണ്. ഇത്തരം സംവിധാനങ്ങളിലൂടെ ഹാച്ചറിയിൽ ഉത്പാദിപ്പിക്കുന്ന മത്സ്യക്കുഞ്ഞുങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി കർഷകർക്ക് ലഭ്യമാക്കുവാൻ കഴിയും. 2024-25 സാമ്പത്തികവർഷം 1.25 കോടി എന്ന ഭൗതികലക്ഷ്യം കൈവരിച്ചതിനോടൊപ്പം 92 ലക്ഷം രൂപയുടെ സാമ്പത്തിക നേട്ടവും അഴീക്കോട് ഹാച്ചറി സ്വന്തമാക്കി. 2025-26 ൽ ഓരുജല മത്സ്യ വിത്തുൽപാദനം ഗണ്യമായ തോതിൽ വർദ്ധിപ്പിച്ച് 1.5 കോടി എന്ന സാമ്പത്തികലക്ഷ്യം കൈവരിച്ച് സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുകയാണ് ലക്ഷ്യം.

കാഫിൽ അംഗത്വമെടുക്കാത്തവർ 31നകം മെമ്പർഷിപ്പ് എടുക്കണം

തൃശൂർ.കേരളത്തിലെ മുഴുവൻ കലാകാരന്മാരേയും അണിനിരത്തി ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കേരള ആർട്ടിസ്റ്റ് ഫ്രെറ്റേണിറ്റി (കാഫ്) എന്ന സാംസ്കാരിക സംഘടനയിൽ അംഗത്വമെടുക്കാത്ത കലാകാരൻമാർക്ക് മെയ് 31 ന്നകം മെമ്പർഷിപ്പ് എടുക്കാവുന്നതാണ്.

www.kafindia.org എന്ന വെബ്സൈറ്റിലൂടെ ചേരാനാകും. നിലവിലെ അംഗങ്ങൾക്ക് പുതുക്കാനും ഈ അവസരം ഉപയോഗപ്പെടുത്തണമെന്ന് സംസ്ഥാന പ്രസിഡണ്ട് സ്റ്റീഫൻ ദേവസി സെക്രട്ടറി പ്രകാശ് ഉള്ളിയേരി എന്നിവർ ആവശ്യപ്പെട്ടു.

കലാകാരന്മാരുടെ പ്രശ്നങ്ങൾ അധികാരികളുടെ മുന്നിൽ അവതരിപ്പിക്കാനും ആവശ്യങ്ങൾ നേടിയെടുക്കാനും ഈ സംഘടന പ്രതിജ്ഞാബദ്ധമാണന്ന് സംസ്ഥാന ഭാരവാഹി കുടിയായ എം.ഡി. പോൾ അറിയിച്ചു. കലാപ്രവർത്തനവുമായി ബന്ധപ്പെട്ട സൗണ്ട് ഓപ്പറേറ്റേഴ്സ്, സംഗീത ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നവർ ഉൾപ്പടെയുള്ളവർക്ക് അംഗത്വം നൽകുന്നതാണ്.

സർക്കാർ ജപ്തി ചെയ്ത ഭൂമി പരസ്യ ലേലം ചെയ്യുന്നു

തൃശൂർ: കേരള ഉപഭോക്തൃ തർക്ക പരിഹാര ഫോറം കുടിശ്ശിക ഇടാക്കുന്നതിനായി സർക്കാർ ജപ്തി ചെയ്ത ഒല്ലൂക്കര വില്ലേജ് സർവ്വെ 101/1 ൽപ്പെട്ട 0.1363 ഹെക്ടർ ഭൂമിയും അതിലെ സകല കുഴികൂറ് ചമയങ്ങളും ജൂൺ അഞ്ചിന് ഒല്ലൂക്കര വില്ലേജ് ഓഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് ഒല്ലൂക്കര വില്ലേജ് ഓഫീസുമായോ തൃശൂർ ആർ.ആർ തഹസിൽദാരുടെ ഓഫീസുമായോ ബന്ധപ്പെടണം ഫോൺ: 0487 2333090, 8547614412.

ഉരുളിക്കുന്ന് അങ്കണവാടി നാടിന് സമർപ്പിച്ചു

തൃശൂർ: നല്ല തലമുറയെ വാർത്തെടുക്കുന്നതോടൊപ്പം സാമൂഹ്യ സേവന, സംരക്ഷണം കൂടി അങ്കണവാടികളുടെ മുഖമുദ്രയാക്കണമെന്ന് കെ.രാധാകൃഷ്ണൻ എം.പി. കുന്നംകുളം നഗരസഭ 12-ാം വാർഡ് ഉരുളിക്കുന്നിലെ 87-ാം നമ്പർ അങ്കണവാടിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു എം.പി.

കുഞ്ഞുങ്ങളുടെ പഠനത്തോടൊപ്പം അവരുടെ സംരക്ഷണവും ജീവനക്കാർ ഉറപ്പുവരുത്തണം. അടിസ്ഥാന സൗകര്യങ്ങൾ നല്ലരീതിയിൽ ഉപയോഗപ്പെടുത്തിയുള്ള പഠനമാണ് ഉണ്ടാക്കിയെടുക്കേണ്ടത്. പെൺകുട്ടികൾ, ഗർഭിണികൾ, അമ്മമ്മാർ എന്നിവർക്കെല്ലാം അങ്കണവാടികൾ സംരക്ഷണം നൽകുന്നുണ്ടെന്നത് ശ്ലാഘനീയമാണ്. ഇത് ഇനിയും വിപുലപ്പെടുത്തുന്നതിനു വേണ്ട പരിശ്രമങ്ങൾ ഉണ്ടാക്കുകയാണ് ലക്ഷ്യം. അങ്കണവാടികൾ നാടിന്റെ വലിയൊരു സമ്പത്താവണമെന്നും എം.പി കൂട്ടിച്ചേർത്തു.

നഗരസഭ ചെയർപേഴ്സൺ സീത രവീന്ദ്രൻ ചടങ്ങിന് അധ്യക്ഷത വഹിച്ചു. എ.സി മൊയ്തീൻ എം.എൽ.എ മുഖ്യാതിഥിയായി.

ക്ഷീര സംഗമം; സംഘാടകസമിതി രൂപീകരിച്ചു

തൃശൂർ: തളിക്കുളം ബ്ലോക്ക് ക്ഷീര സംഗമത്തിന്റെ സംഘാടകസമിതി രൂപീകരണ യോഗം തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ സി പ്രസാദിന്റെ അധ്യക്ഷതയിൽ ചേർന്നു. സംസ്ഥാന ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പരിപാടി ജൂൺ മാസത്തിൽ നടത്താൻ യോഗം തീരുമാനിച്ചു. സംഘാടകസമിതിയുടെ രക്ഷാധികാരികളായി എം എൽ എ മാരായ മുരളി പെരുനെല്ലി, എൻ കെ അക്ബർ, സി സി മുകുന്ദൻ തുടങ്ങിയവരെയും ചെയർമാനായി തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ സി പ്രസാദിനെയും കൺവീനറായി വാടാനപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശാന്തി ഭാസിയെയും ജനറൽ കൺവീനറായി തൃത്തല്ലൂർ ക്ഷീരസംഘം പ്രസിഡന്റ് ഗിരീഷ് മാത്തുകാട്ടിൽ, ഒഫീഷ്യൽ കൺവീനറായി തളിക്കുളം ക്ഷീരവികസന ഓഫീസർ ടി ജി ഷീല എന്നിവരെയും തിരഞ്ഞെടുത്തു. തൃത്തല്ലൂർ ക്ഷീരസംഘത്തിന്റെ ആതിഥേയത്വത്തിലാണ് ക്ഷീര സംഗമം സംഘടിപ്പിക്കുന്നത്. സംഗമത്തിന്റെ സുഗമമായ നടത്തിപ്പിനായി വിവിധ സബ് കമ്മിറ്റികളും രൂപീകരിച്ചു.

ക്ഷീര സംഗമത്തിന്റെ ഭാഗമായി വിളംബര ഘോഷയാത്രയും ഉദ്ഘാടന സമ്മേളനവും ക